ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:16.09.2026**

## പ്രധാനവാർത്തകൾ

1. ആഗോള സെമികണ്ടക്ടർ ഇലക്ട്രോണിക്സ് മേഖലയെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സെമികോൺ ഇന്ത്യയുടെ അഞ്ചാമത് പതിപ്പ് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.
2. കേരളത്തിലേക്കുള്ള നിക്ഷേപങ്ങളുടെ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുന്നതിന് സരൾ കേരളം പദ്ധതിക്ക് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. എറണാകുളത്ത് രണ്ട് എൻ ഐ എ കോടതികൾ ആരംഭിക്കുന്നതിനും അനുമതി.
3. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയ്ക്ക് ഒരാഴ്ചക്കുള്ളിൽ പരിഹാരം കാണുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഊർജ നയം പുതുക്കി നിശ്ചയിക്കുമെന്നും മഖ്യമന്ത്രി.
4. സംസ്ഥാന ബജറ്റിലെ വികസന പദ്ധതികളുടെ രൂപരേഖ തയാറാക്കുന്നതിനുള്ള വട്ടമേശ സമ്മേളനത്തിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.
5. കേരളത്തിലെ ആദ്യത്തെ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷന് വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി ഇന്ന് വിഴിഞ്ഞത്ത് തറക്കല്ലിടും.
6. സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യത. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ തീരദേശവാസികൾക്ക് മുന്നറിയിപ്പ്

RNU TVPM

## പി എം. - സെമികോൺ

സെമികോൺ ഇന്ത്യയുടെ അഞ്ചാമത് പതിപ്പ് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഉദ്ഘാടനം ചെയ്യും. ആഗോള സെമികണ്ടക്ടർ ഇലക്ട്രോണിക്സ് മേഖലയെ ഒന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മൂന്ന് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. 40-തിലധികം രാജ്യങ്ങളിൽ നിന്നായി 600-ലേറെ പ്രദർശകരും 300-ലധികം കമ്പനികളും പരിപാടിയുടെ ഭാഗമാകും.

☸☸☸☸☸☸☸

## മന്ത്രിസഭാ യോഗം (ഇൻട്രോ)

കേരളത്തിലേക്കുള്ള നിക്ഷേപ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന സരൾ കേരളം പദ്ധതിക്ക് ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. നിക്ഷേപ നടപടിക്രമങ്ങൾ ലളിതവൽക്കരിക്കുകയാണ് പുതിയ നിയമം ലക്ഷ്യമിടുന്നതെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിക്കവേ മുഖ്യമന്ത്രി വി ഡി സതീശൻ മാധ്യമങ്ങളോട് പറഞ്ഞു. എറണാകുളത്ത് രണ്ട് എൻ ഐ എ കോടതികൾക്കും, ആരോഗ്യവകുപ്പിൽ 18 പുതിയ തസ്തികകൾക്കും മന്ത്രിസഭാ യോഗം അംഗീകാരം നൽകി.

**(സിഎം വോയിസ് ....)**

☸☸☸☸☸☸☸

## പോലീസ് പരിശോധന

അർജൻ്റീനൻ ഇതിഹാസ ഫുട്ബോൾ താരം ലയണൽ മെസ്സിയെ കേരളത്തിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ വ്യാപക പരിശോധനയുമായി പ്രത്യേക അന്വേഷണ സംഘം. കൊച്ചിയിൽ റിപ്പോർട്ടർ ചാനൽ എം.ഡി ആന്റോ അഗസ്റ്റിന്റെ ഫ്ലാറ്റ്, ചാനൽ ഓഫീസ്, തുടങ്ങിയ ഇടങ്ങളിലാണ് ഇന്ന് പുലർച്ചെ പരിശോധന ആരംഭിച്ചത്. ചാനൽ ന്യൂസ് റൂമിലുൾപ്പടെ നടത്തിയ പരിശോധനക്കെതിരെ പ്രതിഷേധം ഉയർന്നിട്ടുണ്ട്. കളമശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൻറെ അടിസ്ഥാനത്തിലാണ് പോലീസ് സംഘം പരിശോധനയ്ക്ക് എത്തിയത്. അതേസമയം , നിയമപരമായ അന്വേണത്തിൻറെ ഭാഗമായാണ് റെയ്ഡ് നടന്നതെന്ന് മുഖ്യമന്ത്രി വാർത്തസമ്മേളനത്തിൽ പറഞ്ഞു. വാർത്താ പ്രക്ഷേപണം തടസ്സപ്പെടുത്തിയ പോലീസിന്റെ നടപടി പ്രതിഷേധാർഹമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പ്രതികരിച്ചു.

RNU TVPM

☸☸☸☸☸☸☸

## വൈദ്യുതി പ്രതിസന്ധി -മുഖ്യമന്ത്രി

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയ്ക്ക് ഒരാഴ്ചക്കുള്ളിൽ പരിഹാരം കാണുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ . ഊർജ നയം പുതുക്കി നിശ്ചയിക്കുകയാണ്. ഒക്ടോബറിൽ പുതിയ വൈദ്യുതി പ്ലാൻ ഉണ്ടാക്കും. എൻ ടി പി സി യുമായി ചർച്ച നടത്തിയെന്നും ദീർഘകാല -ഹ്രസ്വകാല കരാറിനുള്ള ശ്രമമാണ് നടക്കുന്നതെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു .സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കൂടിയിട്ടുണ്ടെങ്കിലും പവർകട്ട് കുറച്ചു കൊണ്ടുവരികയാണ്. ഇന്ന് മുംബൈയിൽ ന്യൂക്ലീയർ പവർ കോർപറേഷനുമായി ഒരു സംഘം ചർച്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു .

☸☸☸☸☸☸☸

## റീഇമാജിനിംഗ് കേരളം

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖ തയാറാക്കുന്നതിനായി 'റീഇമാജിനിംഗ് കേരളം' എന്ന പേരിൽ സംഘടിപ്പിക്കുന്ന വട്ടമേശ സമ്മേളനത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് ഇന്ന് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. ബജറ്റ് നിർദേശങ്ങളെ കൃത്യമായ പ്രവർത്തന പദ്ധതികളാക്കി മാറ്റുകയാണ് 18-ാം തീയതി വരെ നടക്കുന്ന സമ്മേളനത്തിൻറെ ലക്ഷ്യം.

RNUTVPM

☸☸☸☸☸☸☸

## പാലക്കാട് (ഇൻട്രോ)

സപ്ലൈക്കോ ഒന്നാം വിള നെല്ല് സംഭരണ രജിസ്ട്രേഷൻ ഈ മാസം 30 ന് സമാപിക്കും.പാലക്കാട് ജില്ലയിൽ ഇതുവരെ 25000 കർഷകരാണ് നെല്ല് സംഭരണത്തിനായി രജിസ്റ്റർ ചെയ്തിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**

(വോയ്സ്)

☸☸☸☸☸☸☸

## സ്വച്ഛതാ ഹി സേവ

രാജ്യത്ത് സ്വച്ഛതാ ഹി സേവ 2026 പ്രചാരണ പരിപാടിക്ക് നാളെ തുടക്കമാകും. ശുചീകരണ പ്രവർത്തനങ്ങളിൽ യുവാക്കളുടെ പ്രാതിനിധ്യം

പ്രോത്സാഹിപ്പിക്കുക, മാലിന്യത്തിൽ നിന്ന് സമ്പത്തിലേക്കുള്ള സംരംഭങ്ങളെ പിന്തുണയ്ക്കുക തുടങ്ങിയവയാണ് അടുത്ത മാസം 17 വരെ തുടരുന്ന പരിപാടിയുടെ ലക്ഷ്യം.

❅❅❅❅❅❅❅

## വിഴിഞ്ഞം കണ്ടെയ്നർ ഫ്രെയ്റ്റ്

വിഴിഞ്ഞം കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷന് വ്യവസായ മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി ഇന്ന് തറക്കല്ലിടും. സംസ്ഥാനത്തെ ആദ്യത്തെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനാണിത്. കസ്റ്റംസ് ക്ലിയറൻസ് ഉൾപ്പെടെയുള്ള വിവിധ ചരക്ക് കൈകാര്യ നടപടികൾ ഒരൊറ്റ കേന്ദ്രത്തിൽ ഏകോപിപ്പിച്ച് തുറമുഖാധിഷ്ഠിത ചരക്ക് നീക്കം കൂടുതൽ വേഗത്തിലും കാര്യക്ഷമമായും സാധ്യമാക്കുകയാണ് ലക്ഷ്യം.

❅❅❅❅❅❅❅

## ആറന്മുള വള്ളസദ്യ (ഇൻട്രോ)

ആറന്മുള പള്ളിയോട സേവാ സംഘവും തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി കഴിഞ്ഞ രണ്ടു മാസക്കാലമായി നടത്തിവരുന്ന ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിൽ ഒന്നായ ആറന്മുള വള്ളസദ്യക്കാലത്തിന് ഇന്ന് സമാപനം. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയ്സ്)

RNUTVPM

❅❅❅❅❅❅❅

## പാലാ നഗരസഭ

പാലാ നഗരസഭ വൈസ് ചെയർമാനായി കോൺഗ്രസ് വിമതൻ ബിജു മാത്യൂസ് തിരഞ്ഞെടുക്കപ്പെട്ടു. ഇടതുമുന്നണിയുടെ പിന്തുണയോടെയാണ് ബിജു മാത്യൂസ് വിജയിച്ചത്. ബിജുവിന് 14 വോട്ടുകൾ ലഭിച്ചപ്പോൾ കോൺഗ്രസ് സ്ഥാനാർഥി സെബാസ്റ്റ്യൻ പനക്കലിന് 11 വോട്ടുകൾ ലഭിച്ചു.

❅❅❅❅❅❅❅

## കണ്ണൂർ (ഇൻട്രോ)

മഹാശിലായുഗ സ്മാരകങ്ങളായ കണ്ണൂർ മാലാപ്പ് ചെമ്പൊട്ടിക്കുന്നിലെ കുടക്കല്ലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആർക്കിയോളജി വകുപ്പ് ആരംഭിച്ചു. 2800-ഓളം വർഷം പഴക്കമുള്ളതാണ്

ഈ കൂടക്കല്ലുകൾ. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**
(വോയ്സ്)

❁❁❁❁❁❁❁

## മഞ്ഞ ജാഗ്രത

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ വ്യാപകമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ്. എറണാകുളം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരപ്രദേശങ്ങളിൽ ഇന്ന് വൈകിട്ട് 11:30 വരെ ഉയർന്ന തിരമാലകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁

## ലോക ഓസോൺ ദിനം

ഇന്ന് ലോക ഓസോൺ ദിനം. ഓസോൺ പാളിക്ക് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട ചരിത്രപ്രധാനമായ 'മോൺട്രിയൽ പ്രോട്ടോക്കോളിൽ' രാജ്യങ്ങൾ ഒപ്പുവെച്ചതിന്റെ ഓർമ്മക്കായാണ് സെപ്റ്റംബർ 16 ഓസോൺ ദിനമായി തിരഞ്ഞെടുത്തത്.ഓസോൺ പാളിയുടെ നിലനിൽപ്പ് മനുഷ്യന്റെ ആരോഗ്യത്തിനും ജൈവവൈവിധ്യത്തിനും കാലാവസ്ഥാ സ്ഥിരതയ്ക്കും അനിവാര്യമാണെന്ന് കേന്ദ്ര സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു. **ഭൂമിയെ തണുപ്പിക്കാൻ ആഗോള പ്രവർത്തനം** എന്നതാണ് ഈ വർഷത്തെ പ്രമേയം.

RNUTVPM

❁❁❁❁❁❁❁

## സ്വച്ഛസാഗർ സുരക്ഷിതസാഗർ

സ്വച്ഛസാഗർ സുരക്ഷിതസാഗർ പ്രചരണ പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചിൽ ഈ മാസം 19 ന് ശുചീകരണ യജ്ഞം നടക്കും. കുടുംബശ്രീ അംഗങ്ങൾ, സ്കൗട്ട് ആൻഡ് ഗൈഡ്സ്, എൻ.സി.സി., എൻ.എസ്.എസ് വിദ്യാർത്ഥികൾ ശുചീകരണ യജ്ഞത്തിൽ പങ്കെടുക്കും. തിരുവനന്തപുരം കോവളം ബീച്ചിലും പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പ്രചാരണത്തിന്റെ ഭാഗമായി ഓസോൺ ദിനത്തോടനുബന്ധിച്ച് ഇന്നും വിവിധ ബീച്ചുകളിൽ ശുചീകരണ പരിപാടികൾ നടക്കും.

❁❁❁❁❁❁❁

## <u>ശബരിമല</u>

കന്നി മാസ പൂജയ്ക്കായി ശബരിമലക്ഷേത്ര നട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. കന്നി ഒന്നായ നാളെ രാവിലെ അഞ്ചു മുതൽ പൂജകൾ ആരംഭിക്കും. തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ സാന്നിധ്യത്തിൽ മേൽശാന്തി നടതുറന്ന് ദീപം തെളിയിക്കും. പൂജകൾ പൂർത്തിയാക്കി ഈ മാസം 21 ന് രാത്രി 10 ന് നട അടയ്ക്കും.

☸☸☸☸☸☸☸

## <u>ഓഹരി</u>

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു . സെൻസെക്സ് 393 പോയിന്റ് ഉയർന്ന് 74,394 ലും നിഫ്റ്റി 127 പോയിന്റ് നേട്ടത്തിൽ 23,245 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 920 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,320 രൂപയും ഗ്രാമിന് 14,040 രൂപയുമാണ് ഇന്നത്തെ വില.

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

☸☸☸☸s

RNUTVPM